# ജനഹിതം

## വാർത്താപത്രിക

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

ലക്കം 02
ഫെബ്രുവരി 2026

### തദ്ദേശ തിരഞ്ഞെടുപ്പ്;

# ഗ്രീൻ പ്രോട്ടോക്കോൾ പാലനത്തിൽ കേരളം ദേശീയ ശ്രദ്ധ നേടി: തിരഞ്ഞെടുപ്പ് കമ്മീഷണർ





സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിലെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനം ദേശീയശ്രദ്ധ നേടിയെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ. ആന്ധ്രപ്രദേശ് ഉൾപ്പെടെ പല സംസ്ഥാനങ്ങളും തിരഞ്ഞെടുപ്പിൽ ഇത് പകർത്താൻ മുന്നോട്ടുവരുന്നുണ്ട്. തദ്ദേശ തിരഞ്ഞെടുപ്പിലെ ഹരിതചട്ടപാലനം മികച്ച രീതിയിൽ നടപ്പിലാക്കിയ ജില്ലാ ശുചിത്വ മിഷനുകൾക്കുള്ള അവാർഡുകൾ വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സമ്പൂർണ്ണ ഹരിത തിരഞ്ഞെടുപ്പെന്ന ആശയത്തിലൂന്നി സംസ്ഥാനത്തുടനീളം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും, ശുചിത്വ മിഷനും സംയുക്തമായി സംഘടിപ്പിച്ച പ്രവർത്തനങ്ങളുടെ ഭാഗമായി പേപ്പർ ഉപയോഗം പരമാവധി കുറച്ചും പിവിസി ഫ്ളക്സ് ഒഴിവാക്കിയും ഡിജിറ്റൽ പ്രചരണ മാർഗ്ഗങ്ങളെ കൂടുതലായി ആശ്രയിച്ചും പാർട്ടികളും, സ്ഥാനാർത്ഥികളും സഹകരിച്ചു. ബൂത്തുകളിൽ സജീവമായുണ്ടായിരുന്ന ഹരിത കർമ്മസേനാംഗങ്ങളുടെ നിർദ്ദേശങ്ങൾ പാലിച്ച് വോട്ട് ചെയ്ത ശേഷമുള്ള സ്ലിപ്പ് പോലും ബിന്നുകളിൽ നിക്ഷേപിച്ച് വോട്ടർമാരും സഹകരിച്ചു. തിരഞ്ഞെടുപ്പ് കഴിഞ്ഞ് മണിക്കൂറുകൾക്കകം തന്നെ പോളിംഗ് ബൂത്തുകളും, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റ് ഓഫീസുകളും ശുചീകരിക്കപ്പെട്ടു. രാഷ്ട്രീയപാർട്ടികൾ ഉപേക്ഷിച്ചു പോകുന്ന പ്രചരണവസ്തുക്കളുടെ തോതും മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞു. വരുന്ന പൊതുതിരഞ്ഞെടുപ്പിലും ഈ നില സംസ്ഥാനം തുടരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മികച്ച പ്രവർത്തനത്തിനുള്ള ഒരു ലക്ഷം രൂപയുടെ ഒന്നാം സ്ഥാനം കോഴിക്കോട് ജില്ലാ ശുചിത്വ മിഷൻനേടി. തിരുവനന്തപുരം. കണ്ണൂർ ജില്ലാ ശുചിത്വ മിഷനുകൾക്ക് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചു.

തൃശ്ശൂർ, വയനാട്, കൊല്ലം, എറണാകുളം, മലപ്പുറം ജില്ലകൾക്കും മാതൃകാപ്രവർത്തനത്തിന് അവാർഡ് ലഭിച്ചു. അവാർഡുകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വിതരണം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്ജ് അധ്യക്ഷത വഹിച്ചു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ്, കുടുംബശ്രീ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ എച്ച്. ദിനേശൻ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജി.കെ. സുരേഷ് കുമാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റ് എൻജിനിയർ ബിൻസി പി.എസ്, തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്. പ്രകാശ് ശുചിത്വമിഷൻ സീനിയർ കൺസൽട്ടന്റ് പി.എസ്. രാജശേഖരൻ എന്നിവർ സംസാരിച്ചു.

# തദ്ദേശസ്ഥാപന- നിയമസഭാ-ലോക്സഭാ തിരഞ്ഞെടുപ്പുകൾക്ക് ഒറ്റ വോട്ടർപട്ടിക

## നിർദ്ദേശവുമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ



കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ വിളിച്ച് ചേർത്ത വട്ടമേശസമ്മേളനത്തിൽ പങ്കെടുത്ത സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാർ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനൊപ്പം.

തദ്ദേശസ്ഥാപനവാർഡ് അടിസ്ഥാനത്തിൽ ലഭ്യമാക്കിയാൽ കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർപട്ടിക തദ്ദേശതിരഞ്ഞെടുപ്പിലും ഉപയോഗിക്കാൻ കഴിയുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു. ഇത് യാഥാർത്ഥ്യമായാൽ, തദ്ദേശസ്വയംഭരണ, നിയമസഭാ, ലോക് സഭാ തിരഞ്ഞെടുപ്പുകൾക്കെല്ലാം ഒറ്റ വോട്ടർപട്ടിക മതിയാകും. രണ്ട് വോട്ടർപട്ടിക ഉപയോഗിക്കുന്നത് മൂലമുള്ള ആശയക്കുഴപ്പം ഒഴിവാക്കാനുമാകും. കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ വിളിച്ച് ചേർത്ത സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ വട്ടമേശസമ്മേളനത്തിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ഇക്കാര്യം അറിയിച്ചത്.

നിലവിൽ പോളിങ് ബൂത്ത് അടിസ്ഥാനത്തിലാണ് നിയമസഭാ, ലോക് സഭാ തിരഞ്ഞെടുപ്പുകളുടെ വോട്ടർപട്ടിക തയ്യാറാക്കുന്നത്. എന്നാൽ, തദ്ദേശതിരഞ്ഞെടുപ്പിൽ വാർഡ് അടിസ്ഥാനത്തിലുള്ള പട്ടിക ആവശ്യമാണ്. കേരളം, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, അരുണാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് വ്യത്യസ്ത പട്ടികകൾ ഉപയോഗിക്കുന്നത്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പട്ടികയനുസരിച്ച് യോഗ്യതാ തീയതി ജനുവരി ഒന്നാണ്. അതായത് ഈ സമയപരിധിയിൽ 18 വയസ്സ് തികയുന്ന ആളിന് പട്ടികയിൽ പേര് ചേർക്കാനാകും. കേന്ദ്രപട്ടികയിലാകട്ടെ, വോട്ടർപട്ടിക പുതുക്കുന്നത് മൂന്ന് മാസത്തിലൊരിക്കലാണ്.

കേന്ദ്രപട്ടിക ഉപയോഗിക്കാൻ തീരുമാനിച്ചാൽ യോഗ്യതാ തീയതി ഒരുപോലെയാക്കാൻ പഞ്ചായത്ത് രാജ് , മുനിസിപ്പൽ നിയമങ്ങളിൽ ഭേദഗതി വേണ്ടിവരും. തദ്ദേശതിരഞ്ഞെടുപ്പിന് കേന്ദ്രസർക്കാർ ജീവനക്കാരുടെ സേവനം സാധ്യതയും സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ ആരാഞ്ഞു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ അധ്യക്ഷതയിൽ തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു വട്ടമേശ സമ്മേളനം. 27 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ വട്ടമേശസമ്മേളനം നടക്കുന്നത്. ഇത്തരത്തിലുള്ള സമ്മേളനം ഇതിന് മുൻപ് 1999 ലാണ് നടന്നത്.

ഭരണഘടനാപരമായ അധികാരപരിധിക്കുള്ളിൽ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയും സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷനുകളും തമ്മിലുള്ള സ്ഥാപനപരമായ ഏകോപനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. വോട്ടർ പട്ടിക മാനേജ്മെന്റ്, സാങ്കേതികവിദ്യകളുടെ ഉപയോഗം, മികച്ച രീതികൾ പങ്കിടൽ എന്നിവയിലെ യോജിച്ച സമീപനം രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയകളുടെ സമഗ്രതയും കാര്യക്ഷമതയും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പരസ്പരം പഠിക്കാനും, മികച്ച രീതികൾ സ്വീകരിക്കാനും സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷനുകൾ തയ്യാറാകണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷണർ ഡോ. എസ്.എസ്. സന്ധു നിർദ്ദേശിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയകളുടെ അടിസ്ഥാനമായ വിശ്വാസ്യതയ്ക്ക് കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകളും ഏകോപനത്തോടെ പ്രവർത്തിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ ഉപയോഗത്തിൽ കമ്മീഷനുകളുടെ സഹകരണം അത്യന്താപേക്ഷിതമാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ ഡോ. വിവേക് ജോഷി അഭിപ്രായപ്പെട്ടു. ഇ.സി.ഐനെറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോം ഇരു കമ്മീഷനുകളുടെ സംയുക്ത പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

### സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെയും

### ദേശീയ വട്ടമേശ സമ്മേളനം 2026 ലെ

# ദേശീയ പ്രഖ്യാപനം

ശുദ്ധമായ വോട്ടർപട്ടിക തയ്യാറാക്കൽ ജനാധിപത്യത്തിന്റെ അടിത്തറയാണ്. തിരഞ്ഞെടുപ്പ് നടത്തിപ്പിന്റെ സുതാര്യതയും കാര്യക്ഷമതയും ജനാധിപത്യത്തെ ശക്തിപ്പെടുത്തും.

ദേശീയവും ഭരണഘടനാപരവുമായ താൽപ്പര്യങ്ങൾ കണക്കിലെടുത്ത്, പരസ്പരം സ്വീകാര്യമായ രീതികളും നിയമപരമായി പ്രായോഗികമായ ചട്ടക്കൂടുകളും രൂപപ്പെടുത്താൻ ECINET, EVM-കൾ, ഇലക്ടറൽ പട്ടികകൾ, IIIDEM-ലെ ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ പങ്കിടൽ ഉൾപ്പെടെ എല്ലാ സാധ്യമായ തിരഞ്ഞെടുപ്പ് പ്രക്രിയകൾക്കും എല്ലാ സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷനുകളും സഹകരിച്ച് പ്രവർത്തിക്കണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.

പഞ്ചായത്തുകളിലേക്കും മുനിസിപ്പൽ സ്ഥാപനങ്ങളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട നിയമങ്ങൾ, പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട നിയമങ്ങളുമായി സമന്വയിപ്പിക്കുന്നതിന് കേന്ദ്ര-സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകൾ ഒരുമിച്ച് പ്രവർത്തിക്കും.

ECI-യുടെ അന്തർദേശീയ ഇടപെടലുകളിൽ സഹകരിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകളോട് അഭ്യർത്ഥിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷൻ അധ്യക്ഷത വഹിക്കുന്ന അന്താരാഷ്ട്ര സമ്മേളനങ്ങൾക്കൊപ്പം, വർഷത്തിലൊരിക്കൽ ഇത്തരം ദേശീയ വട്ടമേശ സമ്മേളനം നടത്താൻ നിർദ്ദേശിക്കുകയും ചെയ്തു.

സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷനുകൾ നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും നിയമ, സാങ്കേതിക ഉദ്യോഗസ്ഥരുടെ സംയുക്ത സംഘം വിശദമായി പഠിച്ച് തിരഞ്ഞെടുപ്പ് കമ്മീഷന് അടുത്ത് മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേശീയ താൽപ്പര്യം മുൻനിർത്തി ആവശ്യമായ നടപടി സ്വീകരിക്കും.

# ചൈൽഡ് പാർലമെന്റ് അംഗങ്ങൾ ഇലക്ഷൻ കമ്മീഷനിൽ



തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസ് സന്ദർശിച്ച മുട്ടട ഹോളിക്രോസ് ചർച്ച് ചൈൽഡ് പാർലമെന്റ് അംഗങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷണറോടൊപ്പം

# നേത്രപരിശോധന ക്യാമ്പ്

സ്റ്റാഫ് വെൽഫെയർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ ജീവനക്കാർക്കായി സൗജന്യ നേത്രപരിശോധന ക്യാമ്പ് നടത്തി. പരിശോധന ക്യാമ്പ് കമ്മീഷണർ എ. ഷാജഹാൻ ഉദ്ഘാടനം ചെയ്തു. പരിശോധന ക്യാമ്പിന് ക്ലബ് പ്രസിഡന്റ് ബി.എസ്.പ്രകാശ്, സെക്രട്ടറി അനിൽ ജോണി എന്നിവർ നേതൃത്വം നൽകി.



## വോട്ടുചെയ്യാൻ ഒറ്റപ്പട്ടിക; മൂന്നുവർഷം മുൻപ് കേരളം ആവശ്യപ്പെട്ടു

നിയമസഭാ, ലോക്സഭാ, തദ്ദേശ തിരഞ്ഞെടുപ്പുകൾക്ക് ഒറ്റവോട്ടർപട്ടിക മതിയെന്ന നിർദ്ദേശം മൂന്നുവർഷം മുൻപ് കേരളം മുന്നോട്ടു വെച്ചത്. ഇത് പരിശോധിക്കണം എന്നാവശ്യപ്പെട്ട് 2023-ൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ എ. ഷാജഹാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് കത്തയച്ചിരുന്നു. കേന്ദ്ര പട്ടിക ഉപയോഗിക്കണമെങ്കിൽ ചിലമാറ്റങ്ങൾ ആവശ്യമാണെന്ന് കഴിഞ്ഞ ദിവസം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ ഡൽഹിയിൽ വിളിച്ചു ചേർത്ത സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ യോഗത്തിൽ കേരളം വിശദീകരിച്ചു.

തദ്ദേശതിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക വാർഡും, നിയമസഭാ-ലോക്സഭാ തിരഞ്ഞെടുപ്പുകളുടേത് ബൂത്തും അടിസ്ഥാനമാക്കിയാണ്. കേന്ദ്ര കമ്മിഷന്റെ പട്ടിക തദ്ദേശസ്ഥാപന വാർഡും വീടും (നമ്പർ ഉൾപ്പെടെ) അടിസ്ഥാനത്തിലാക്കിയാൽ തദ്ദേശത്തിന് ഉപയോഗിക്കാൻ തടസ്സമുണ്ടാകില്ലെന്ന് മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ അധ്യക്ഷനായ യോഗത്തിൽ എ. ഷാജഹാൻ അറിയിച്ചു.

പുനർനിർണയത്തിന്റെ ഭാഗമായി വാർഡുകളുടെ അതിർത്തി പുതുക്കുമ്പോൾ വീട്ടുനമ്പ മാറും. കൂടെക്കൂടെയുള്ള നമ്പർമാറ്റം ഒഴിവാക്കാൻ കേരളത്തിൽ സംസ്ഥാന കമ്മീഷൻ നിർദ്ദേശിച്ച സ്ഥിരം കെട്ടിടനമ്പറായ ഡിജി ഡോർപിൻ നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്ത് വാർഡ് വിഭജനത്തിനുപയോഗിച്ച ക്യൂഫീൽഡ് ആപ്പ്വഴി അതിർത്തിയും കെട്ടിടങ്ങളും പോളിങ് സ്റ്റേഷനുകളും ജിയോടാഗ് ചെയ്തതും കേരളം അറിയിച്ചു. കെട്ടിടങ്ങളും വാർഡും അടിസ്ഥാനമാക്കി ഒറ്റപ്പട്ടികയാക്കുന്നതിന് ഈ ആപ്പ് പ്രയോജനപ്പെടുത്താം. കേന്ദ്രപട്ടികയിൽ മൂന്നുമാസത്തിലൊരിക്കൽ മാറ്റമുണ്ട്. അതുകൊണ്ടുതന്നെ ഒറ്റവോട്ടർ പട്ടിക പ്രായോഗികമാക്കണമെങ്കിൽ പഞ്ചായത്തീരാജ്, മുനിസിപ്പാലിറ്റി ആക്ടിലും ഭേദഗതി വരുത്തണം.

2014-നു മുൻപുവരെ കേന്ദ്ര കമ്മീഷന്റെ പട്ടികയാണ് സംസ്ഥനത്തും ഉപയോഗിച്ചിരുന്നത്. ഉത്തർപ്രദേശ്, അരുണാചൽപ്രദേശ്, ഉത്തരാഖണ്ഡ്, കേരളം എന്നിവയൊഴികെയുള്ള സംസ്ഥാനങ്ങൾ ഇപ്പോൾത്തന്നെ കേന്ദ്രകമ്മീഷന്റെ പട്ടിക ഉപയോഗിക്കുന്നുണ്ട്.

**(മാതൃഭൂമി , ഫെബ്രുവരി 26)**

## നൂറ്റൻപതിലധികം സർക്കാർസേവനങ്ങൾ ഇനി നമ്മുടെ കേരളം ആപ്പിലൂടെ

ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ എളുപ്പത്തിലും സുതാര്യമായും ലഭിക്കാൻ 'നമ്മുടെ കേരളം' എന്ന പേരിൽ ഏകീകൃത മൊബൈൽ ആപ്പും വെബ് പോർട്ടലും സജ്ജമായി. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ, റവന്യൂ സർട്ടിഫിക്കറ്റുകൾ, വിവിധ ലൈസൻസുകൾ, ക്ഷേമ പെൻഷനുകൾ എന്നിവയ്ക്കായി ഇനി മുതൽ ഈ ഒറ്റ പ്ലാറ്റ്ഫോം മാത്രം മതിയാകും. വിവിധ സർക്കാർ ഫീസുകളും യൂട്ടിലിറ്റി ബില്ലുകളും ആപ്പിലൂടെ നേരിട്ട് അടയ്ക്കാം. ഉദ്യോഗസ്ഥരുമായി സംസാരിക്കാൻ അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യാനും അഴിമതിയോ സാമൂഹികപ്രശ്നങ്ങളോ ശ്രദ്ധയിൽപ്പെടുത്താനുമുള്ള സൗകര്യമുണ്ട്. അടിയന്തര സാഹചര്യങ്ങൾക്കായി എസ്.ഒ.എസ്. സംവിധാനവും ഉയർന്ന ഡാറ്റാ സുരക്ഷയും ഉറപ്പാക്കിയിട്ടുള്ള ഈ സേവനം ആൻഡ്രോയിഡ്, ഐ.ഒ.എസ്. പ്ലാറ്റ്ഫോമുകളിലും വെബ് പോർട്ടലായും പൊതുജനങ്ങൾക്കു പ്രയോജനപ്പെടുത്താം.

**(മാതൃഭൂമി , ഫെബ്രുവരി 26)**

## ഉന്നത പദവിയിലിരിക്കുന്നവർ ഏതെങ്കിലും സമുദായത്തെ ലക്ഷ്യംവെക്കരുത് : സുപ്രീംകോടതി

ഉന്നത ഭരണഘടനാപദവിയിലിരിക്കുന്നവർ ഏതെങ്കിലും സമുദായത്തെ ലക്ഷ്യംവെച്ച് പ്രവർത്തിക്കരുതെന്ന് സുപ്രീം കോടതി. മതം, ജാതി, ഭാഷ, മേഖല എന്നിവയുടെ അടിസ്ഥാനത്തിൽ ആരെയും ലക്ഷ്യംവെക്കരുതെന്നും കോടതി. ഘൂസ് ഖോർ പണ്ഡത് എന്ന നെറ്റ്ഫ്ലിക്സ് സിനിമയുടെ റിലീസ് ചോദ്യം ചെയ്യുന്ന ഹർജികൾ തീർപ്പാക്കിക്കൊണ്ടുള്ള ഉത്തരവിൽ ജസ്റ്റിസ് ഉജ്ജൽ ഭുയാൻ എഴുതിയ പ്രത്യേക വിധിന്യായത്തിലാണ് നിരീക്ഷണം. ഭരണകൂടമായാലും അല്ലാത്തവരായാലും പ്രസംഗത്തിലൂടെയോ കാർട്ടൂണിലൂടെയോ ദൃശ്യമാർഗത്തിലൂടെയോ ഏതെങ്കിലും സമുദായത്തെ ലക്ഷ്യംവെക്കുന്നത് അനുവദനീയമല്ലെന്ന് കോടതി പറഞ്ഞു. ഒരു സമുദായത്തെ ലക്ഷ്യംവെക്കുന്ന സിനിമയുടെ റിലീസ് തടയണമെന്ന ഹർജി ഫെബ്രുവരി 19നാണ് ജസ്റ്റിസ് ബി.വി. നാഗരത്ന അധ്യക്ഷയായ ബെഞ്ച് തീർപ്പാക്കിയത്. സിനിമയുടെ പേര് മാറ്റാമെന്ന് നിർമാതാക്കൾ സമ്മതിച്ചതോടെ ഹർജി തീർപ്പാക്കുകയായിരുന്നു.

**(മാതൃഭൂമി , ഫെബ്രുവരി 26)**

## സെൻസസ് ഡാറ്റ ശേഖരണം ഉദ്യോഗസ്ഥർ തത്സമയം നിരീക്ഷിക്കും

ഉടനെ ആരംഭിക്കുന്ന ആദ്യത്തെ ഡിജിറ്റൽ ജനസംഖ്യാ സെൻസസ് 2027 ലെ ഫീൽഡ് പ്രവർത്തനങ്ങൾ മുതിർന്ന ഉദ്യോഗസ്ഥർ ഒരു പോർട്ടലിലൂടെ തത്സമയം നിരീക്ഷിക്കും. "പുരോഗതി നിരീക്ഷിക്കുന്നതിനും, വിടവുകളോ കാലതാമസങ്ങളോ തിരിച്ചറിയുന്നതിനും, മുൻകൂട്ടി നിശ്ചയിച്ച സമയപരിധികൾക്കനുസൃതമായി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും" ഇത് സഹായകരമാകുമെന്ന് രജിസ്ട്രാർ ജനറലും സെൻസസ് കമ്മീഷണറുമായ മൃത്യുഞ്ജയ് കുമാർ നാരായൺ) സംസ്ഥാനങ്ങളെ അറിയിച്ചു. "മുൻകൂട്ടി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ രാജ്യം മുഴുവൻ ഉൾക്കൊള്ളുന്ന ദേശീയ പ്രാധാന്യമുള്ള ചുമതല" നിർവഹിക്കുന്നതിന് ഏകദേശം 32 ലക്ഷം ഫീൽഡ് പ്രവർത്തകരെ നിയോഗിക്കുമെന്ന് മൃത്യുഞ്ജയ് കുമാർ നാരായൺ പറഞ്ഞു. സെൻസസുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി, സെൻസസ് മാനേജ്മെന്റ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം (CMMS) എന്ന പേരിൽ വെബ് അധിഷ്ഠിത സംവിധാനം വികസിപ്പിച്ചെടുത്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

**(ദി ഹിന്ദു, ഫെബ്രുവരി 26)**

## വോട്ടിംഗ് നിർബന്ധമാക്കാനുള്ള സംവിധാനം ആവശ്യമാണ്: സുപ്രീം കോടതി

വോട്ടിംഗ് നിർബന്ധിതമാക്കാനായി ശിക്ഷാർഹമല്ലാത്ത സംവിധാനം വേണമെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടു. കൂടുതൽ യോഗ്യരായ ആളുകൾ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാനായി മുന്നോട്ട് വരുന്നതും , നോട്ട ഓപ്ഷൻ ഒഴിവാക്കുന്നതും ജനാധിപത്യം ശക്തിപ്പെടുത്താൻ സഹായിക്കും. മികച്ച സ്ഥാനാർത്ഥികളെ മത്സരത്തിലേക്ക് ആകർഷിക്കുന്നതിനും, വോട്ടർമാരെ വോട്ട് ചെയ്യുന്നതിനായി പ്രോത്സാഹിപ്പിക്കുന്നതിനുമാണ് നോട്ട ഓപ്ഷൻ ആവിഷ്കരിച്ചതെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്തും ജസ്റ്റിസ് ജോയ് മല്യ ബാഗ്ചിയും അടങ്ങുന്ന ബെഞ്ച് പറഞ്ഞു. വോട്ടർമാരിൽ വളരെ ചെറിയൊരു ശതമാനം പേർ മാത്രമേ ഈ ഓപ്ഷൻ ഉപയോഗിച്ചതായി ഒരു ദശാബ്ദക്കാലത്തെ അനുഭവം തെളിയിക്കുന്നു.

ഏക സ്ഥാനാർത്ഥി മാത്രമുള്ള മണ്ഡലങ്ങളിൽ നോട്ടയെ സ്ഥാനാർത്ഥിയാക്കണമെന്ന് വാദിച്ച് വിധി സെന്റർ ഫോർ ലീഗൽ പോളിസിയുടെ പൊതുതാൽപര്യ ഹർജിയിലാണ് കോടതി ഇങ്ങനെ നിരീക്ഷിച്ചത്. ഏക സ്ഥാനാർത്ഥിയിൽ വോട്ടർമാർക്ക് വിശ്വാസമുണ്ടോയെന്ന് കണ്ടെത്താൻ നോട്ട ഏർപ്പെടുത്തണമെന്നാണ് വാദം.

**(ടൈംസ് ഓഫ് ഇന്ത്യ,ഫെബ്രുവരി 25)**

### സത്യപ്രതിജ്ഞാ ക്രമക്കേടുകൾ:

## പരാതി 4 ആഴ്ചയ്ക്കകം പരിഗണിക്കണം

തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സത്യപ്രതിജ്ഞാ ചടങ്ങുകളിലുണ്ടായ നിയമലംഘനം ചൂണ്ടിക്കാട്ടിയുള്ള പരാതികളിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നാലാഴ്ചയ്ക്കകം തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി നിർദേശിച്ചു പരാതികളിൽ നിയമാനുസൃത നടപടി സ്വീകരിക്കണമെന്നും കോടതി വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് ഷൗമെൻ സെൻ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ബെഞ്ചാണ് നിർദേശം നൽകിയത്.

സത്യപ്രതിജ്ഞയ്ക്കുള്ള നിയമപരമായ മാതൃക പാലിക്കപ്പെട്ടുന്നില്ലെന്നാരോപിച്ച് സാബു സ്റ്റീഫൻ നൽകിയ പൊതുതാൽപര്യഹർജിയിലാണ് ഉത്തരവ്. കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് ജനപ്രാതിനിധ്യ നിയമം എന്നിവ ലംഘിച്ചാണ് ചില ജനപ്രതിനിധികൾ സത്യപ്രതിജ്ഞ നടത്തി എന്നാരോപിച്ചായിരുന്നു ഹർജി.

നിയമപ്രകാരമുള്ള മാതൃകയിൽനിന്ന് മാറി സത്യപ്രതിജ്ഞ നടത്താൻ അനുമതിയില്ലെന്നും അങ്ങനെ ചെയ്യാൽ അംഗങ്ങൾക്ക് സഭയിൽ ഇരിക്കാനോ വോട്ട് ചെയ്യാനോ അവകാശമില്ലെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നിയമപരമായി നിർദേശിച്ചവിധം മാത്രമേ സത്യപ്രതിജ്ഞ നടത്താൻ കഴിയൂവെന്ന് സർക്കാരും അറിയിച്ചു.

തിരുവനന്തപുരം കോർപറേഷനിലെ സത്യപ്രതിജ്ഞയിലെ ചട്ടലംഘനം ചോദ്യം ചെയ്തുള്ള ഹർജിയും ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. വിവിധ ദൈവനാമങ്ങളിൽ സത്യപ്രതിജ്ഞ ചെയ്തത് ചോദ്യംചെയ്ത് കോർപറേഷനിലെ സിപിഐ എം പാർലമെന്ററി പാർടി നേതാവ് എസ്.പി ദീപക്കാണ് ഹർജി നൽകിയിട്ടുള്ളത്.

**(ദേശാഭിമാനി, ഫെബ്രുവരി 24)**

## ശമ്പളകമ്മീഷൻ - വി.പി. ജോയ് ചെയർമാൻ

ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള റിപ്പോർട്ട് സമർപ്പിക്കാൻ 12-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ച് സർക്കാർ. മുൻ ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയിയാണ് കമ്മീഷൻ ചെയർമാൻ. റിപ്പോർട്ട് മൂന്നുമാസത്തിനകം ലഭ്യമാക്കാൻ കമ്മീഷനോട്ട നിർദേശിച്ചതായി മന്ത്രി കെ. എൻ. ബാലഗോപാൽ പറഞ്ഞു. കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ വ്യക്തമാക്കി പ്രത്യേക ഉത്തരവ് ഉടൻ പുറപ്പെടുവിക്കുമെന്നും മന്ത്രി അറിയിച്ചു. അഡ്വ. എം. രാജഗോപാലൻനായർ, റിട്ട. അഡീഷണൽ സെക്രട്ടറി ശ്രീലത സുകുമാരൻ എന്നിവരാണ് കമ്മീഷനിലെ അംഗങ്ങൾ. ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി വി.ആർ. ശോഭ സെക്രട്ടറിയായും പ്രവർത്തിക്കും.

**(മാതൃഭൂമി, ഫെബ്രുവരി 24)**

## ദിവസവേതന, കരാർ ജീവനക്കാരുടെ വേതനം കൂട്ടി

സർക്കാർ വകുപ്പുകൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ദിവസവേതന-കരാർ അടിസ്ഥാനത്തിൽ ജോലിയെടുക്കുന്നവരുടെ വേതനം കൂട്ടി. ഏപ്രിൽ ഒന്നു മുതൽ വർധന പ്രാബല്യത്തിൽ വരുത്താനാണ് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാലിൻെറ ഉത്തരവിലെ നിർദേശം. കേന്ദ്രസഹായ പദ്ധതികൾ, സംസ്ഥാ ന പദ്ധതികൾ, ക്ഷേമനിധി ബോർഡുകൾ എന്നിവിടങ്ങളിലെ താത്കാലിക നിയമനങ്ങൾക്കും ഉത്തരവ് ബാധകമാവും. പൊതുവിദ്യാലയങ്ങളിൽ ജോലിയെടുക്കുന്ന അധ്യാപകർക്കും ജീവനക്കാർക്കും വേതനം വർധിക്കും.

**(മാതൃഭൂമി, ഫെബ്രുവരി 24)**

## ജീവനക്കാർ ജോലിയെടുത്തില്ലെങ്കിൽ പഞ്ചായത്തിന് പണികിട്ടും

ഒരു ക്ലാർക്ക് ജോലിയിൽ ഉഴപ്പിയാൽ മതി പഞ്ചായത്തിന്റെ ഗ്രേഡ് കുറയും. തദ്ദേശസ്ഥാപനങ്ങളിലെ ഓരോ ജീവനക്കാരന്റെയും മികവുനോക്കി ഡിജിറ്റൽ സിസ്റ്റം ഇനിമുതൽ മാർക്കിടും. മികവു കുറഞ്ഞവർക്ക് പരിശീലനം നൽകി നിലവാരമുയർത്തും. തദ്ദേശസ്ഥാപനങ്ങളിൽ സേവനം വേഗത്തിലാക്കാൻ ഐ.കെ.എമ്മിന്റെ കെ-സ്മാർട്ടിൽത്തന്നെ ഡിജിറ്റൽ ഗ്രേഡിങ്ങും ജീവനക്കാരുടെ മുഴുവൻ സർവീസ് വിവരവും ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സംരക്ഷിക്കുന്ന ഇ.എച്ച് ആർ.എം എസും തയ്യാറായി. പൂർണമായും സിസ്റ്റം നിയന്ത്രിതമായ ഗ്രേഡിങ്ങിൽ മാനുഷിക ഇടപെടലുണ്ടാകില്ല.ഡിജിറ്റൽ സിസ്റ്റത്തിൽ മാർക്കിടുന്നതോടെ മികച്ച ജീവനക്കാർ ആരൊക്കെയെന്നതടക്കമുള്ള കാര്യം ഡാഷ്ബോർഡിൽ അറിയാം.

**(മാതൃഭൂമി , ഫെബ്രുവരി 23)**

## ഡോ. വിനയ് ഗോയൽ മലപ്പുറം ജില്ല കലക്ടർ

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ജോയിന്റ് സെക്രട്ടറിയായിരുന്ന ഡോ. വിനയ് ഗോയലിനെ മലപ്പുറം ജില്ല കലക്ടറായി നിയമിച്ചു. സംസ്ഥാന ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫിസറുടെ പൂർണ അധിക ചുമതലയും ഇദ്ദേഹത്തിനായിരിക്കും. മലപ്പുറം ജില്ല കലക്ടറായിരുന്ന വി.ആർ. വിനോദിനെ ലാസ്റ്റ് റവന്യൂ ജോയിന്റ് കമ്മീഷണറായാണ് മാറ്റി നിയമിച്ചത്.

തിരുവനന്തപുരം സ്മാർട്ട് സിറ്റി സി.ഇ.ഒ രാഹുൽ കൃഷ്ണ ശർമയെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ജോയിന്റ് സെക്രട്ടറിയായി നിയമിച്ചു ഇദ്ദേഹത്തിന് സ്മാർട്ട് സിറ്റി തിരുവനന്തപുരം സി. ഇ.ഒ നാഷണൽ ഹെൽത്ത് മിഷൻ പ്രോജക്ട് ഡയറക്ടർ, കേരള മെഡിക്കൽ സർവിസസ് കോർപറേഷൻ മാനേജിങ് ഡയറക്ടർ എന്നീ അധിക ചുമതലകളും നൽകി.

**(മാധ്യമം, ഫെബ്രുവരി 22)**

**Chief Editor:** B.S. Prakash
**Editor:** K.M. Ayyappan

**Editorial Team:**
Sureshkumar.A
James.P.J

**Photography:**
I&PRD
Aravind.M.A

**Layout:**
Bridgingdots
Media Solutions Pvt Ltd

ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേത് മാത്രമാണ്

# വികേന്ദ്രീകൃത ആസൂത്രണത്തിലൂന്നിയ കേരള വികസന മാതൃക



പി.ജെ. ജയിംസ്
ജോയിന്റ് സെക്രട്ടറി
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം 1950 മാർച്ച് 15-ലെ ആസൂത്രണ കമ്മീഷന്റെ സ്ഥാപനത്തോടെയാണ് ഇന്ത്യ അതിന്റെ ഔപചാരികമായ ആസൂത്രണ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുന്നത്. പ്രധാനമന്ത്രിയായിരുന്നു അതിന്റെ ചെയർമാൻ. ആസൂത്രണ കമ്മീഷനുകൾ ആയിരുന്നു ആസൂത്രണ പ്രക്രിയയുടെ ഭാഗമായ പഞ്ചവത്സര പദ്ധതികൾ രൂപപ്പെടുത്തിയിരുന്നത്. ആദ്യ പഞ്ചവത്സര പദ്ധതി നടന്നത് 1951 ഏപ്രിൽ മുതൽ 1956 മാർച്ച് വരെയായിരുന്നു. ആദ്യ പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിച്ചതിനു ശേഷമാണ് 1951 ഒക്ടോബർ മുതൽ 1952 ഫെബ്രുവരി വരെ നീണ്ടുനിന്ന ഇന്ത്യയിലെ ആദ്യ പൊതു തിരഞ്ഞെടുപ്പ് പോലും അരങ്ങേറിയതെന്നത് കൗതുകകരവും ഇന്ത്യയുടെ ഫെഡറൽ ഭരണ സംവിധാനത്തിലെ ആണിക്കല്ലായി നിലനിൽക്കുന്ന ആസൂത്രണ പ്രക്രിയയുടെ പാരമ്പര്യം (legacy) വിളിച്ചോതുന്നതുമാണ്. ഇന്ത്യൻ സാമ്പത്തികാസൂത്രണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ഭാരത രത്ന ജേതാവായ സർ. എം. വിശ്വേശ്വരയ്യ യാണ്. എന്നാൽ ഒന്നാം പഞ്ചവത്സര പദ്ധതിയുടെ ഒരു പ്രധാന ശില്പി മലയാളിയായ പ്രൊഫ. കെ. എൻ. രാജാണ്. അദ്ദേഹമാണ് തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന പ്രമുഖ സാമ്പത്തിക സാമൂഹ്യ ശാസ്ത്ര ഗവേഷണ സ്ഥാപനമായ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ സ്ഥാപകനും.

രാജ്യത്തെ ആസൂത്രണ കമ്മീഷനെ പോലെ അതേ മാതൃകയിൽ സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രി ചെയർമാനായ ആസൂത്രണ ബോർഡുകളും പ്രവർത്തിച്ചിരുന്നു. ഇന്ത്യ ഇന്നു ദർശിക്കുന്ന എല്ലാ പുരോഗതിയുടെയും അടിസ്ഥാന ശിലകൾ പാകുന്നതിൽ ആസൂത്രണ കമ്മീഷനുകൾക്കും അവയ്ക്ക് കീഴിൽ രാജ്യത്തും സംസ്ഥാനത്തും പ്രത്യേക ലക്ഷ്യങ്ങൾ കൈവരിക്കാനായി വിഭാവനം ചെയ്ത നടപ്പിലാക്കിയ ഓരോ പഞ്ചവത്സര പദ്ധതിക്കും അതനുസരിച്ച് സ്ഥാപിക്കപ്പെട്ട ദേശീയ സംസ്ഥാന സ്ഥാപനങ്ങളും നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്. ഇത് ഒരു നെഹ്റുവിയൻ സാമ്പത്തിക സാമൂഹിക സിദ്ധാന്തത്തിന്റെ വിജയകരമായ മാതൃക കൂടിയാണ്.

ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും വികേന്ദ്രീകൃതാസൂത്രണ ചിന്തകളെ യാഥാർത്ഥ്യത്തിലേക്ക് അടുപ്പിക്കുന്നതിനുള്ള വേഗതയും ചലനാത്മകതയും പ്രദാനം ചെയ്തു എന്നതാണ് മേൽ പരാമർശിച്ച ആസൂത്രണ ചരിത്രത്തിന്റെ മാഹാത്മ്യങ്ങളിലൊന്ന്. 2015-ൽ നീതി ആയോഗ് ആസൂത്രണ കമ്മീഷന്റെ സ്ഥാനത്ത് ഘടനാപരമായ മാറ്റങ്ങളോടെ വന്നെങ്കിലും കേരളത്തിൽ ആസൂത്രണ ബോർഡ് ഇപ്പോഴും സജീവമായി ആസൂത്രണ രംഗത്ത് പ്രവർത്തിക്കുന്നു.

ആസൂത്രണ കമ്മീഷന് കീഴിൽ നടപ്പിലാക്കിയ പഞ്ചവത്സര പദ്ധതികൾ എല്ലാം തന്നെ ഇന്ത്യയെ വികസനത്തിലേക്ക് നയിച്ചുവെങ്കിലും അവയ്ക്ക് ചില പോരായ്മകളും ഉണ്ടായിരുന്നുവെന്നു കാണാം. അവയിലെ ഒരു പ്രധാന പോരായ്മ Top Level Approach-ൽ അധിഷ്ഠിതമായ One Way Process-ലൂടെയുള്ള Macro Level Plan ആയിരുന്നു അത് എന്നതാണ്. അതായത് ഏറ്റവും ഉയർന്ന തലത്തിൽ മാത്രം ആസൂത്രണം ചെയ്ത് താഴെത്തട്ടിൽ നടപ്പിൽ വരുത്തുമ്പോൾ കടന്നുകൂടുന്ന സാമ്പത്തിക നഷ്ടവും കാലതാമസവും സാമൂഹിക തിന്മകളും കാരണം ആസൂത്രണ വികസനത്തിന്റെ യഥാർത്ഥ ഗുണഫലം പൂർണ്ണതോതിൽ ജനങ്ങൾക്ക് അനുഭവിക്കാൻ കഴിയാത്ത അവസ്ഥ. ഇത് സ്വാതന്ത്ര്യം നേടുമ്പോൾ ഇന്ത്യ ലക്ഷ്യം വെച്ച താഴെ തട്ടിലുള്ള ജനാധിപത്യത്തിനും (Grass Root Democracy) നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നമായ ഗ്രാമ സ്വരാജിനും എതിരായുള്ള സമീപനമായിരുന്നു. മാത്രമല്ല അന്നത്തെ കണക്കനുസരിച്ച് ഇന്ത്യയിലെ 75% ജനങ്ങളും അധിവസിച്ചിരുന്നത് എണ്ണത്തിൽ ലക്ഷങ്ങൾ വരുന്ന അതീവ പിന്നോക്ക ഗ്രാമങ്ങളിലായിരുന്നു. അതുകൊണ്ടു തന്നെ വികസനം എന്നത് അവരുടെ വ്യക്തി ജീവിതങ്ങളിൽ ഒരു പരിധി വരെ ഒരു സ്വപ്നം മാത്രമായി അവശേഷിച്ചിരുന്നു. ഈ ഒരു അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാതെ മുന്നോട്ടുപോകാനാവില്ല എന്ന ഭരണകൂടത്തിന്റെ തിരിച്ചറിവിന്റെ പരിസമാപ്തി കൂടിയായിരുന്നു 1992-ൽ പി.വി. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന കാലത്ത് അധികാര വികേന്ദ്രീകരണം 73,74 പഞ്ചായത്തീരാജ് നഗരപാലിക ഭരണഘടന ഭേദഗതി നിയമങ്ങൾ മുഖേന യാഥാർത്ഥ്യമായി മാറിയത്. 2011-ലെ സെൻസസ് പ്രകാരം പോലും ഏകദേശം 69% ജനങ്ങൾ ആറര ലക്ഷത്തിൽ പരം ഗ്രാമങ്ങളിൽ വസിക്കുന്നുവെന്നത് വസ്തുതയാണ്.

1992 -നു ശേഷമുള്ള ആസൂത്രണ പ്രക്രിയയിൽ കാതലായ മാറ്റങ്ങൾ സംഭവിച്ചു. നാഷണൽ ലെവലിൽ ഉള്ള പ്ലാനിങ് Macro Level Planning എന്നും സംസ്ഥാനതലത്തിലുള്ളവയെ Meso Level Planning എന്നും ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളെല്ലാം ചേർന്ന് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് Micro Level Planning എന്നും വിഭജിച്ചു ഏകോപിപ്പിച്ചു.

അതായത് മുൻപുണ്ടായിരുന്നതിൽ നിന്നും വിഭിന്നമായി Top Level -ൽ നിന്നും Bottom Level-ലിലേക്കും Bottom Level-ലിൽ നിന്നും Top Level-ലിലേക്കുമുള്ള Approach-ലൂടെ അതൊരു Two Way Process ആയി മാറി എന്നതാണ് അതിലെ ഘടനാപരവും ഗുണപരവുമായ മാറ്റം. അതോടൊപ്പം തദ്ദേശസ്ഥാപനങ്ങളുടെ ഗ്രാമസഭയും വാർഡ് സഭയും ആസൂത്രണ പ്രക്രിയയിലെ വില്ലേജ് അസംബ്ലികളായി പ്രവർത്തിക്കുകയും ചെയ്യുന്നു.

കേരളത്തിൽ 1994-ൽ കേരള പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി ആക്ടുകൾ പ്രാബല്യത്തിൽ വന്നതോടെ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്ക് ആസൂത്രണ പ്രക്രിയയിൽ ഇടപെട്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള സ്വയംഭരണ അവകാശം (Autonomy) പ്രായോഗികമായി ലഭ്യമായി. രാഷ്ട്രീയവും ഭരണപരവും സാമൂഹികവും സാമ്പത്തികവും വിപണനപരവുമായ സ്ഥാപനവൽക്കരണത്തിലൂടെയാണ് പ്രസ്തുത അധികാര അവകാശങ്ങൾ നിർവഹിക്കപ്പെടുന്നത്. ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് ജനകീയാസൂത്രണം (People's Campaign) എന്ന ബാനറിലാണ് അതിനു തുടക്കം കുറിച്ചത്. ആസൂത്രണത്തിൽ ജനങ്ങളുടെ പങ്കാളിത്തം, ബോധവൽക്കരണം, അവരുടെ ആവശ്യങ്ങൾ തിരിച്ചറിയൽ, മുൻഗണനകൾ നിശ്ചയിക്കൽ എന്നീ പ്രക്രിയകളിലൂടെ തയ്യാറാക്കപ്പെടുന്ന പ്രാദേശിക പദ്ധതി (Local Plan) വിവിധ തലങ്ങളിലൂടെ സംയോജിക്കപ്പെട്ട് (Integration) ജില്ലാ പദ്ധതിയായി (District Plan) മാറുകയും ജില്ലാ പദ്ധതികൾ ക്രോഡീകരിക്കപ്പെട്ടു വിടവുകൾ നികത്തപ്പെട്ട് സംസ്ഥാന പദ്ധതിയായി (State Plan) രൂപാന്തരം പ്രാപിക്കുകയും സംസ്ഥാന പദ്ധതികൾ ദേശീയ പദ്ധതിയുടെ (National Plan) ഭാഗമായി തീരുകയും ചെയ്യുന്നിടത്താണ് ഫെഡറൽ സംവിധാനത്തിലെ അധികാര വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയ ലക്ഷ്യം വയ്ക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈയൊരു പാന്ഥാവിൽ ബഹുദൂരം മുന്നേറാനും സാധിച്ചിട്ടുണ്ടെന്ന് കാണാവുന്നതാണ്. തത്ഫലമായി ഏറ്റവും താഴെത്തട്ടിൽ ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

കേരള വികസന മാതൃകയുടെ പ്രത്യേകതകളെ സംബന്ധിച്ച് ധാരാളം കാര്യങ്ങൾ വിശദമാക്കാനുണ്ടെങ്കിലും കുറഞ്ഞ ആളോഹരി വരുമാനമുള്ള സംസ്ഥാനത്ത് ഉയർന്ന തലത്തിലുള്ള സാമൂഹിക വികസന സൂചികകൾ നിലനിൽക്കുന്നു എന്ന് അതിനെ ചുരുക്കി ഒറ്റ വാക്യത്തിൽ പറയാൻ കഴിയും. ഇത് അന്താരാഷ്ട്ര രംഗത്ത് നിലനിൽക്കുന്ന സാമൂഹ്യ സാമ്പത്തിക ശാസ്ത്രത്തിന് ചെറിയ അപവാദമാണ് (exception). അതു കൊണ്ടാണ് ലോകമെമ്പാടുമുള്ള സാമ്പത്തിക വിദഗ്ധരും വിദ്യാർത്ഥികളും കേരളം നേടിയെടുത്ത സാമൂഹിക പുരോഗതിക്ക് പിന്നിലുള്ള സാമ്പത്തിക ശാസ്ത്രത്തെകുറിച്ച് പഠിക്കാൻ താല്പര്യപ്പെടുന്നത്.




പ്രധാനമായും അനിവാര്യ, പൊതു, സിവിൽ, നിയന്ത്രണ, സാമൂഹിക സുരക്ഷാ, ക്ഷേമ, വികസന ചുമതലകൾ നിർവഹിക്കാനുണ്ട്. ഇത്തരം ചുമതല നിർവഹണത്തിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പു വരുത്തുന്നതിന് ഗ്രാമസഭ മുതൽ ഓംബുഡ്സ്മാൻ വരെയുള്ള വിവിധ അതോറിറ്റികളും സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമേ ഭരണഘടനാസ്ഥാപനമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ റെഗുലർ ഇലക്ഷനുകളും നടത്തുകയും കളങ്കിതരായ അംഗങ്ങൾക്ക് അയോഗ്യത കൽപ്പിച്ചും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിയമപരമായ ദിശാബോധം നൽകിയും തുടർച്ചയായി അവയെ ശക്തിപ്പെടുത്തി നിലനിർത്തുന്നു.

കേരള വികസന മാതൃക കാലാകാലങ്ങളായുള്ള തുടർ പ്രവർത്തനങ്ങളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതാണ്. വസ്തുതകൾ പരിശോധിക്കുമ്പോൾ അതിന് ചരിത്രപരമായ അടിസ്ഥാന ഘടകങ്ങൾ കൂടിയുണ്ടെന്ന് കാണാവുന്നതാണ്. കേരള വികസന മാതൃകയുടെ പ്രത്യേകതകളെ സംബന്ധിച്ച് ധാരാളം കാര്യങ്ങൾ വിശദമാക്കാനുണ്ടെങ്കിലും കുറഞ്ഞ ആളോഹരി വരുമാനമുള്ള സംസ്ഥാനത്ത് ഉയർന്ന തലത്തിലുള്ള സാമൂഹിക വികസന സൂചികകൾ നിലനിൽക്കുന്നു എന്ന് അതിനെ ചുരുക്കി ഒറ്റ വാക്യത്തിൽ പറയാൻ കഴിയും. ഇത് അന്താരാഷ്ട്ര രംഗത്ത് നിലനിൽക്കുന്ന സാമൂഹ്യ സാമ്പത്തിക ശാസ്ത്രത്തിന് ഒരു ചെറിയ അപവാദമാണ് (exception). അതു കൊണ്ടാണ് ലോകമെമ്പാടുമുള്ള സാമ്പത്തിക വിദഗ്ധരും വിദ്യാർത്ഥികളും കേരളം നേടിയെടുത്ത സാമൂഹിക പുരോഗതിക്ക് പിന്നിലുള്ള സാമ്പത്തിക ശാസ്ത്രത്തെകുറിച്ച് പഠിക്കാൻ താല്പര്യപ്പെടുന്നത്. കേരളം നേടിയെടുത്ത ഈ സാമൂഹിക മുന്നേറ്റത്തിന് അപചയം സംഭവിക്കാതിരിക്കേണ്ടതുണ്ട്. ഇന്ന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കേരള വികസന മാതൃകയുടെ അടിസ്ഥാന യൂണിറ്റുകളായി മാറി കഴിഞ്ഞിട്ടുണ്ട് എന്ന് നമുക്ക് നിസ്സംശയം പറയാം.